# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടക്കേക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ-ഇകെഎം(പി1വ)1917/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ-ഇകെഎം(പി1വ)1917/21 തീയ്യതി: 04/07/2022

## എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷാജിമോൻ .കെ.എ | ഡെപ്യൂട്ടി ഡയറക്ടർ | 08-12-2021 | 21-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-12-2021 | 21-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷിബു.എം.കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.എ.എം.അബ്രോസ് | പ്രസിഡന്റ് | 01-04-2020 | 04-11-2020 |

| | | | |
|---|---|---|---|
| ശ്രീമതി.രശ്മി അനിൽകുമാർ | പ്രസിഡന്റ് | 06-01-2021 | 31-03-2021 |
| Administrative Committee | പ്രസിഡന്റ് | 05-11-2020 | 05-01-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നീതു.എൻ.എസ്. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.നസിയ റഹ്മാൻ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ശോഭ | മെഡിക്കൽ ഓഫീസർ, സി,എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.അനിൽകുമാർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.ജിബിൻ | മെഡിക്കൽ ഓഫീസർ, ആയുർവേദ | 01-04-2020 | 31-03-2021 |
| ശ്രീമതി.ലീന തോമസ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 04-11-2020 |
| ശ്രീമതി.സുലേഖ | ഫിഷറീസ് ഇൻസ്പെക്ടർ | 05-11-2020 | 31-03-2021 |
| ശ്രീ.വിജയകുമാർ | വി.ഇ.ഒ | 01-04-2020 | 31-12-2020 |
| ശ്രീ.മധു | വി.ഇ.ഒ | 01-01-2021 | 31-03-2021 |
| ശ്രീമതി.ആഷിഫ കെ.എ | വി.ഇ.ഒ | 01-04-2020 | 30-11-2020 |
| ശ്രീമതി.മിനി | വി.ഇ.ഒ | 01-12-2020 | 31-03-2021 |
| ശ്രീമതി.ഫിലോമിന ടീന | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷീലിയ എ.സലാം | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ലാലി .കെ.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-05-2020 |
| ശ്രീമതി.മിനിമോൾ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2020 | 22-06-2020 |
| ശ്രീമതി.സ്മിത.കെ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 23-06-2020 | 31-03-2021 |
| ശ്രീമതി.ജസീന്ത.കെ.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി രശ്മി രാമചന്ദ്രൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.V.Susmitha (Audit Officer, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: K.V.Susmitha (Audit Officer, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: N.M.Sajeev (Asst. Audit Officer, On 21-12-2021)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 04-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: K.V.Susmitha (Audit Officer, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Sheheer (Senior Grade Auditor, On 15-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.V.Susmitha (Audit Officer, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.V.Susmitha (Audit Officer, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: Abdul Salam T.I (Audit Officer, On 18-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-6-1 |
| 9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി - ആക്ഷൻ പ്ലാൻ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-6-2 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: K.V.Susmitha (Audit Officer, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-7 |
| 11 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Abdul Salam T.I (Audit Officer, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: Abdul Salam T.I (Audit Officer, On 20-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.V.Susmitha (Audit Officer, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-10 |
| 14 | രസീത് അപാകതകൾ<br>Written By: Betsy C.X (Auditor, On 21-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-11 |
| 15 | ലൈബ്രറി രസീത് പുസ്തകം - സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: Betsy C.X (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-12 |
| 16 | വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-13 |

| | | |
|---|---|---|
| 17 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ – അർഹത പുന:പരിശോധിക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-14 |
| 18 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-15 |
| 19 | സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-15-1 |
| 20 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-15-2 |
| 21 | റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-15-3 |
| 22 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-15-4 |
| 23 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 04-07-2022) | 1-15-5 |
| 24 | സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-15-6 |
| 25 | ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചിരിക്കുന്നു<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-16 |
| 26 | ഡി ആന്റ് ഓ ലൈസൻസ് അപാകതകൾ<br>Written By: Betsy C.X (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-17 |
| 27 | ബാങ്ക് അക്കൌണ്ടിൽ നിന്നും പലിശ ലഭിക്കാത്തത് സംബന്ധിച്ച്<br>Written By: Abdul Salam T.I (Audit Officer, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-18 |
| 28 | ദുരിതാശ്വാസ നിധി പ്രവർത്തനം<br>Written By: Abdul Salam T.I (Audit Officer, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-19 |
| 29 | ആസ്തി സംരക്ഷണം<br>Written By: Abdul Salam T.I (Audit Officer, On 21-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-20 |
| 30 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-അവലോകനം<br>Written By: N.M.Sajeev (Asst. Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-21 |
| 31 | അനധികൃത നിർമ്മാണം- അപാകത<br>Written By: N.M.Sajeev (Asst. Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-22 |
| 32 | അനുപൂരക പോഷകാഹാര പദ്ധതി<br>Written By: N.M.Sajeev (Asst. Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-23 |

| | | |
|---|---|---|
| 33 | ലൈബ്രറികൾക്ക് പുസ്തകം,ഫർണീച്ചർ എന്നിവ വാങ്ങുന്നതിലെ അപാകത<br>Written By: N.M.Sajeev (Asst. Audit Officer, On 21-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-24 |
| 34 | കെ.എം.എസ്.സി.എലിൽ നിന്നും മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-25 |
| 35 | സാന്ത്വന പരിചരണം – തുക വകയിരുത്തിയിട്ടും മരുന്നുകളും അനുബന്ധ ഉപകരണങ്ങളും ഗുണഭോക്താകൾക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-26 |
| 36 | ഹോമിയോ ഡിസ്പെൻസിറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-27 |
| 37 | വീട് വാസയോഗ്യമാക്കൽ-അപാകത<br>Written By: N.M.Sajeev (Asst. Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-28 |
| 38 | കോഴ്സ് പൂർത്തീകരിച്ചതിനുശേഷം ലാപ്പ്ടോപ്പ് അനുവദിച്ചു<br>Written By: K.V.Susmitha (Audit Officer, On 20-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-29 |
| 39 | ബഡ്സ് സ്കൂളിന് ഉപകരണങ്ങൾ വാങ്ങൽ - സ്കൂൾ ആരംഭിച്ചിട്ടില്ല<br>Written By: K.V.Susmitha (Audit Officer, On 20-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-30 |
| 40 | തെരുവ് വിളക്ക് മെയിന്റനൻസ് -അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 27-06-2022) | 1-31 |
| 41 | ലൈഫ് ഭവനം -നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: K.V.Susmitha (Audit Officer, On 20-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-32 |
| 42 | വിനിയോഗവിവരം ലഭ്യമാക്കണം<br>Written By: K.V.Susmitha (Audit Officer, On 20-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-33 |
| 43 | മരണശേഷവും ഗുണഭോക്താക്കളുടെ പെൻഷൻ വിതരണം ചെയ്തു<br>Written By: K.V.Susmitha (Audit Officer, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 1-34 |
| 44 | പൊതുമരാമത്ത് പ്രവർത്തി - ഫൈൻ ഈടാക്കിയില്ല<br>Written By: K.V.Susmitha (Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 1-35 |
| 45 | കരാർ സമയപരിധിക്കകം ചമയ്ക്കാത്തവരിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല<br>Written By: K.V.Susmitha (Audit Officer, On 21-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-36 |
| 46 | അസിസ്റ്റന്റ് എഞ്ചിനീയർ-രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.<br>Written By: K.V.Susmitha (Audit Officer, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം<br>Written By: N.M.Sajeev (Asst. Audit Officer, On 16-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: N.M.Sajeev (Asst. Audit Officer, On 16-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: N.M.Sajeev (Asst. Audit Officer, On 16-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: N.M.Sajeev (Asst. Audit Officer, On 16-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ<br>Written By: N.M.Sajeev (Asst. Audit Officer, On 16-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: N.M.Sajeev (Asst. Audit Officer, On 16-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: N.M.Sajeev (Asst. Audit Officer, On 16-12-2021)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 16-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: N.M.Sajeev (Asst. Audit Officer, On 16-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: N.M.Sajeev (Asst. Audit Officer, On 16-12-2021)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 16-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N.M.Sajeev (Asst. Audit Officer, On 16-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: N.M.Sajeev (Asst. Audit Officer, On 16-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 26.03.2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 26-03-2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 9-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2020-2021 പുതുക്കിയ ബജറ്റ് പ്രകാരം | 2020-2021 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 1,00,07,280.28 | 3,89,85,200 | (+)28977919.72 |
| വരവ് | 25,75,86,516.00 | 8,60,44,333 | (-)17,15,42,183.00 |
| ആകെ | 26,75,93,796.28 | 12,50,29,533 | (-)14,25,64,263.28 |
| ചെലവ് | 26,56,60,016.00 | 9,05,21,067 | (-)17,51,38,949.00 |
| നീക്കിയിരുപ്പ് | 19,33,780.28 | 3,45,08,466 | (+)3,25,74,685.72 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 17.15 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 17.51 കോടി രൂപയുടെയും വ്യത്യാസമുണ്ട്. ഇതുപ്രകാരം ബജറ്റിൽ വിഭാവനം ചെയ്ത വരവിനേക്കാൾ 66.60% -ൽ കുറവാണ് വാർഷികധനകാര്യപത്രികയിൽ യഥാർത്ഥത്തിൽ വരവായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. ആനുപാതികമായി ബജറ്റിൽ വിഭാവനം ചെയ്ത ചെലവിന്റെയും 34.07% ൽ താഴെ മാത്രമാണ് യഥാർത്ഥത്തിൽ തൻവർഷം ചെലവായിട്ടുള്ളത്. ഉദാഹരണത്തിനായി വിവിധ നികുതി- നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| | 2020-21 പുതുക്കിയ ബജറ്റ് പ്രകാരം | 2020-21 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി | 21,00,000 | 18,91,440 | 2,08,560 |
| വസ്തു നികുതി | 65,00,000 | 46,81,228 | 18,18,772 |
| ഡി & ഒ ലൈസൻസ് | 2,50,000 | 1,80,300 | 69,700 |
| വാടക | 3,00,000 | 1,83,843 | 1,16,157 |

ബജറ്റും, യഥാർത്ഥ വരവും ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം വന്നിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.21 | 3.5.21 | - | |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയപ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3)സ്ഥാപന തൊഴിൽനികുതി, ഡി&ഒ ലൈസൻസ് ഫീസ് എന്നിവയുടെ രജിസ്റ്ററുകളിൽ ഡി.സി.ബി സംഗ്രഹം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിലുള്ള ഈയിനത്തിലെ വരവുകളുമായി താരതമ്യം ചെയ്യാൻ കഴിഞ്ഞില്ല.

4)2019-20 വർഷം പലിശ ഇനത്തിൽ വരവ് വന്ന 39861/-രൂപ വാർഷിക ധനകാര്യ പത്രികയിൽ കെ.യു.ആർ.ഡി.എഫ്.സി ലോൺ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിനാൽ ,2020-21 വർഷം ലോൺ അക്കൗണ്ടിലെ

തിരിച്ചടക്കുവാനുള്ള ബാക്കി തുകയിൽ വ്യത്യാസം വന്നിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 38985200 |
| വരവ് | 86044333 |
| ആകെ | 125029533 |
| ചെലവ് | 90521067 |
| നീക്കിയിരിപ്പ് | 34508466 |
| വരവ് ചെലവ് നഷ്ടം | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 312753 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 30085639 | 30085639 | 27652976 | | 2432663 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4204491 | 4204491 | 2921946 | | 1282545 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 309715 | 309715 | 277594 | | 32121 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6681000 | 6681000 | 6681000 | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5308756 | 5308756 | 4539485 | | 769271 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 15359086 | 15359086 | 9747573 | | 5611513 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 7250000 | 7250000 | 260820 | | 6989180 |
| ICDS | 1064315 | 1244635 | 2308950 | 1226149 | 1082801 | |
| സോളിഡ് വേസ്റ്റ് മാനേജ് മെന്റ് | 503707 | 0 | 503707 | 418427 | 85280 | |
| ടോട്ടൽ സാനിറ്റേഷൻ ഫണ്ട് | 1821 | 85 | 1906 | 0 | 1906 | |
| സംസ്ഥാന വിഷ്കൃതഫണ്ട്- 320 00 199 വിമുക്തി | 60600 | 5000 | 65600 | 15000 | 50600 | |
| LIFE State ഷെയർ | 862476 | 3133333 | 3995809 | 1333333 | 2662476 | |
| ശുചിത്വ മിഷൻ ഫണ്ട് | 1500 | 3051833 | 3053333 | 236000 | 2817333 | |
| സാക്ഷരത | 8155 | 254 | 8409 | - | 8409 | |
| ആശ്രയ | 0 | 1333333 | 1333333 | 1333333 | - | |
| ദുരിതാശ്വാസ നിധി | 13351 | 50000 | 63351 | - | 63351 | |

കുറിപ്പ് - ജി.ഒ പദ്ധതികൾക്കായി വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ നിന്നും സോഴ്സ് ഡിഡക്ഷനായി 3291762/- രൂപയും, എസ്.സി.പി വിഭാഗത്തിൽ നിന്നും 58508/- രൂപയും ചെലവുണ്ട്. ടി തുകയുൾപ്പെടെയുള്ള ചെലവാണ് ഇൻകം &എക്സ്പെൻഡിച്ചർ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 183 | 125497021 | 154 | 62786228 | 87 | 29 | 84 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 471450 | 1255213 | 1726663 | 1718184 | 8479 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 41197063 | 41197063 | 41197063 | 0 |

## 1-6-1 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2020-21 ൽ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട തൊഴിലുകളുടെയും ലഭ്യമായ തൊഴിൽ ദിനങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1591 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 1780 |
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | 4627 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 6387 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 121940 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ വിവരങ്ങൾ | 78.02 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 887 |

തൻവർഷം പഞ്ചായത്ത് വിവിധ വാർഡുകളിലായി ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ താഴെപ്പറയുന്നു.

| ക്രമ നം | പ്രവൃത്തിയുടെ തരം | എണ്ണം |
|---|---|---|
| 1 | ജൈവവേലി നിർമ്മാണം | 28 |
| 2 | ഫാംപോണ്ട് നിർമ്മാണം | 37 |
| 3 | കയർഭൂവസ്ത്രം വിരിച്ച് പുനരുദ്ധാരണവും ആഴം കൂട്ടലും | 32 |
| 4 | തൊഴിലാളി ഗ്രൂപ്പ് രൂപീകരിച്ച് പാട്ടകൃഷിക്ക് ഭൂവികസനപ്രവർത്തനങ്ങൾ | 75 |
| 5 | തോട് ആഴം കൂട്ടി സൈഡ് സംരക്ഷിച്ച് പുനരുദ്ധാരണം നടത്തൽ | 144 |
| 6 | വ്യക്തിഗത ആസ്തികളുടെ നിർമ്മാണം | 75 |
| 7 | ഭവനപദ്ധതിയിലെ അവിദഗ്ധ കായിക തൊഴിൽ ഘടകം | 35 |
| 8 | തീറ്റപ്പുൽ | 6 |
| 9 | മിനി എംസിഎഫ് | 2 |
| 10 | റോഡ് കോൺക്രീറ്റിങ് | 18 |
| 11 | വർക്ക് ഷെഡ് | 2 |
| 12 | കിണർ റീച്ചാർജിങ് | 30 |
| 13 | വൃക്ഷത്തൈ ഉൽപ്പാദനത്തിനുള്ള നഴ്സറി നിർമ്മാണം | 1 |
| 14 | സ്കൂളിൽ ഫാംപോണ്ട് നിർമ്മാണം | 1 |
| | ആകെ | 486 |

2020-21 ലേക്കുള്ള ആക്ഷൻ പ്ലാൻ പ്രകാരം 20 വാർഡുകളിലായി 1613 പ്രവൃത്തികൾ നടപ്പാക്കാൻ തീരുമാനിച്ചുവെങ്കിലും 486 പ്രവൃത്തികൾ മാത്രമേ നിർവ്വഹിക്കുവാൻ സാധിച്ചിട്ടുള്ളൂ.

## 1-6-2 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി - ആക്ഷൻ പ്ലാൻ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കേണ്ടതാണ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ 2020-21 വർഷത്തെ അംഗീകൃത ആക്ഷൻപ്ലാൻ പ്രകാരം 1613 പദ്ധതികൾക്കായി 99644506/- രൂപയുടെ അടങ്കലായിരുന്നു വിഭാവനം ചെയ്തിരുന്നത്. എന്നാൽ 41197063/- രൂപ ചെലവഴിച്ച് കേവലം 486 പദ്ധതികൾ മാത്രമേ നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളൂ. അതായത് ലക്ഷ്യമിട്ടതിന്റെ 30% പദ്ധതികൾ മാത്രമേ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ഓരോ ഗ്രാമീണകുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 തൊഴിൽദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യാൻ ലക്ഷ്യമിട്ട ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ തൻവർഷം തൊഴിൽ ആവശ്യപ്പെട്ട 1591 കുടുംബങ്ങളിൽ 887 കുടുംബങ്ങൾക്ക് മാത്രമേ 100 തൊഴിൽദിനങ്ങൾ നൽകുവാൻ സാധിച്ചിട്ടുള്ളൂ. ആക്ഷൻ പ്ലാൻ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാനും പരമാവധി കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ നൽകുവാനും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1002200 | 65 |
| വിധവാപെൻഷൻ | 22005000 | 1545 |
| വാർദ്ധക്യകാലപെൻഷൻ | 44344800 | 3719 |
| വികലാംഗപെൻഷൻ | 5619700 | 375 |
| അവിവാഹിത പെൻഷൻ | 3391300 | 225 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.12.2021 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14677/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1.പഞ്ചായത്തിലെ പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥരെല്ലാം തന്നെ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഏറെക്കുറെ കൃത്യമായി സൂക്ഷിച്ച് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച 183 പദ്ധതികളിൽ ഭാഗികമായി പൂർത്തിയാക്കിയവയുൾപ്പെടെ 154 എണ്ണമാണ് നടപ്പാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ വിവിധ നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലുകളിൽ സൂക്ഷിച്ചതായി കാണുന്നില്ല.

2.ഗ്രാമസഭ : മൂന്ന് ഗ്രാമസഭകളും പദ്ധതി രൂപീകരണ ഗ്രാമസഭയും ചേർന്നിട്ടുണ്ട്. മിനട്സ് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

3.തെരുവ് വിളക്ക് രജിസ്റ്റർ: വാർഡ് തിരിച്ച് ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പർ സ്ഥാപിച്ചിരിക്കുന്ന ലൈറ്റിന്റെ ഇനം, ലൈറ്റുകൾ സ്ഥാപിച്ച തീയതി, റീപ്ലേസ്മെന്റ് വാറന്റി സമയപരിധി, സർവീസ് വാറന്റി കാലാവധി എന്നിവ തെരുവ് വിളക്കുകളുടെ രജിസ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4.പരാതി രജിസ്റ്റർ: തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 പ്രകാരം തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കേടായ സാധനങ്ങളുടെ

വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ പരിപാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഇവയൊന്നും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. ധനകാര്യ വകുപ്പിന്റെ 22.01.2018-ലെ സർക്കുലർ നം.എസ്.എഫ്.സി-ബി2-/53/2017/ധന പ്രകാരം പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ സേവനയിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

6.രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല .

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികളുടെ ഫയലുകളിൽ പദ്ധതി നിർവഹണരേഖകൾ സ്പിൽ ഓവർ പദ്ധതികളുടെ അംഗീകാരം സംബന്ധിച്ച രേഖകൾ, പ്രൊജക്ട്, ടെണ്ടർ ഭരണസമിതി അംഗീകരിച്ചതിന്റെ തീരുമാനം, സെലക്ഷൻ നോട്ടീസ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് /പെർഫോമൻസ് ഗ്യാരന്റി ഒടുക്കിയതിന്റ വിവരം, സൈറ്റ് ഹാൻഡ് ഓവർ ചെയ്തതിന്റെ രേഖ, സപ്ലിമെന്ററി എഗ്രിമെന്റ്, കാലാവധി ദീർഘിപ്പിച്ച നൽകിയതിന്റെ രേഖ മുതലായവ പൂർണ്ണമായും സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.8.2021 | 1.10.20 മുതൽ 31.3.21വരെ | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.6.16 | 2011-12 മുതൽ 2015-16 വരെ | 11.8.16 |

## 1-11 രസീത് അപാകതകൾ

സാംഖ്യ

1. സാംഖ്യ സ്റ്റേഷനറി ഫോംസ് ഉപയോഗശൂന്യമായത് ക്യാൻസൽ ചെയ്യാതെയും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്താതേയും സൂക്ഷിക്കുന്നു.

ഉദാ- സാംഖ്യ സ്റ്റേഷനറി ഫോം നം. 6604343, 6604344, 6604788, 0423612 മുതലായവ....

മാനുവൽ രസീത്

1.മാനുവൽ രസീത് മുഖേനയുള്ള പിരിവിന്റെ, പിരിവ് രജിസ്റ്ററുകളൊന്നും തന്നെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. മാനുവൽ രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

ഉദാ- രസീത് ബുക്ക് നം. 10421, 10417, 48498 ....മുതലായവ...

മാനുവൽ രസീത് - നിർവ്വഹണോദ്യോഗസ്ഥർ

3. സാമ്പത്തിക വർഷത്തിന് ശേഷം ബാക്കി വന്ന രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

ഉദാ- രസീത് ബുക്ക് നം. 10442, 48498.... .മുതലായവ...

4. ക്യാൻസൽ ചെയ്ത രസീത് നമ്പറുകൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ- രസീത് ബുക്ക് നം. 10446, 3779. .മുതലായവ...

5. മാനുവൽ രസീതുകളിൽ തീയതിയും തുകയും രേഖപ്പെടുത്തിയിട്ടില്ല.

ഉദാ- രസീത് ബുക്ക് നം. 10420,

രസീത് സംബന്ധമായ അപാകതകളെല്ലാം പരിഹരിക്കാൻ വേണ്ട നടപടിയെടുത്ത് അറിയിക്കേണ്ടതാണ്.

## 1-12 ലൈബ്രറി രസീത് പുസ്തകം - സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2020-21 സാമ്പത്തിക വർഷം കേരള ട്രഷറി കോഡ് വാല്യം ഒന്ന് ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 3 പ്രകാരം, മെഷീൻ നമ്പറോടുകൂടിയ, ലഭ്യമായതും വിതരണം ചെയ്തതുമായ രസീത് പുസ്തകങ്ങളുടെ എണ്ണം സൂചിപ്പിക്കുന്ന (ഓരോന്നിലേയും ഫാറങ്ങളുടെ എണ്ണം സഹിതം) സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല. കുറെ വർഷങ്ങൾക്ക് മുൻപ് ഇഷ്യൂ ചെയ്ത, ബുക്ക് നമ്പറും രസീത് നമ്പറും ഇല്ലാത്ത, ഡബിൾ ഫേസ്ഡ് കാർബൺ പകർപ്പ് എടുക്കാൻ പറ്റാത്ത, രസീത്

ബുക്കാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. കൂടാതെ പഴക്കം കൊണ്ടും പ്രളയം മൂലവും വൃത്തിഹീനമായ കളക്ഷൻ രജിസ്റ്ററാണ് ഉപയോഗിക്കുന്നത്. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ഈ അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

## 1-13 വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

08.09.2020 ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട് (കുറഞ്ഞ നിരക്ക് 10 രൂപ കൂടിയ നിരക്ക് 25 രൂപ). എന്നാൽ പഞ്ചായത്തിൽ നാളിതുവരെ റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/09.12.2021) സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ – അർഹത പുന:പരിശോധിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ പരിശോധനയിൽ താഴെ പറയുന്ന കെട്ടിടങ്ങളെ കാരണം രേഖപ്പെടുത്താതെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/സ്ഥാപനത്തിന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 1/106 | ദേവയാനി, കൈമാറപ്പറമ്പിൽ | 13.5 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 1/129 | പി കെ ശിവദാസൻ, പുത്തൻപുരക്കൽ | 10.5 | „ |
| 3 | 3/79 | വിമെൻസ് സോഷ്യൽ വെൽഫെയർ ലീഗ് | 52.24 | „ |
| 4 | 3/272/A | രാജീവ്, വെള്ളാട്ടുതറ | 13.33 | „ |
| 5 | 4/93/7 | മീനാക്ഷി, പുല്ലാൾക്കാട് | 368 | „ |
| 6 | 4/133/A | സുനിൽദത്ത്, പുല്ലാൾക്കാട് | 368 | „ |
| 7 | 6/42 | സുബേത്ത്, പുക്കാട്ട് | 26.4 | „ |
| 8 | 6/66 | ഹരിഹരൻ, കാനാടി | 21 | „ |
| 9 | 6/242 | പി വി സുഭാഷ്, പുല്ലാർക്കാട്ട് | 12 | „ |
| 10 | 7/102 | വേലായുധൻ ബാബു, കാളിയമ്മപറമ്പിൽ | 40 | „ |
| 11 | 8/186 | സുരേഷ്, കോഴിക്കൽ | 16.53 | „ |
| 12 | 8/336 | ശങ്കരൻ മോഹനൻ, വേലിക്കത്ത് | 28.35 | „ |

| | | | | |
|---|---|---|---|---|
| 13 | 8/341 | സുധ, തൈക്കൂട്ടത്തിൽ | 23.78 | ,, |
| 14 | 9/532 | ഡോ. സഗീർ, മാനിയോടത്ത് | 8 | ,, |
| 15 | 10/10 | എം സി പോളി, മുഴവൻചേരി | 10 | ,, |
| 16 | 10/11 | എം സി പോളി, മുഴവൻചേരി | 10 | ,, |
| 17 | 10/12 | എം സി പോളി, മുഴവൻചേരി | 10 | ,, |
| 18 | 10/346 | സുബ്രഹ്മണ്യൻ ശശി, ഇടപ്പറമ്പിൽ | 20 | ,, |
| 19 | 12/232 | സുകുമാരൻ, പള്ളിത്തറ | 81 | ,, |
| 20 | 13/209/A | വർഗ്ഗീസ്, ചിറ്റേത്ത് | 6.9 | ,, |
| 21 | 13/428/B | അജിത, തിനയാട്ട് | 27.45 | ,, |
| 22 | 13/473/A | പ്രേംകുമാർ, ശ്രീവിലാസ് | 2.25 | ,, |
| 23 | 14/156 | സെക്രട്ടറി, പാല്ല്യത്തുരുത്ത് | 510.54 | ,, |
| 24 | 14/157 | സെക്രട്ടറി, വി എസ് പി എം ട്രസ്റ്റ് | 27.56 | ,, |
| 25 | 14/289 | ശ്രീനാരായണ ഗുരുദേവ ഭക്ത സമാജം | 15 | ,, |
| 26 | 15/74 | ബിജിലാൽ, വേലംപറമ്പിൽ | 20.25 | ,, |
| 27 | 17/153 | കുട്ടപ്പൻ രവീന്ദ്രൻ | 10 | ,, |
| 28 | 18/176 | ഫാത്തിമ സ്മാരക മരണ സഹായ സംഘം | 39.2 | ,, |
| 29 | 18/211 | മഹിളാ സമാജം | 37.8 | ,, |
| 30 | 19/80 | ജോബി എന്ന ജോവി | 35.56 | ,, |
| 31 | 20/109/A | റോസി ആന്റണി, അറക്കൽ | 2381 | ,, |
| 32 | 20/377/A | സെക്രട്ടറി, എച്ച് എം ജി പി സഭ | 889.06 | ,, |

മേൽ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/20.12.2021) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. മതിയായ കാരണങ്ങളില്ലാതെ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിച്ച് അർഹതയ്ക്ക് വിധേയമായി കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 276(3)-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്യു ഒരു അപ്പീൽ, അതു ലഭിച്ചശേഷം 60 ദിവസത്തിനകം പഞ്ചായത്തോ അല്ലെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റിയോ അതിനു യുക്തമെന്നു തോന്നുന്ന രീതിയിൽ തീർപ്പു കൽപ്പിക്കേണ്ടതാണ് എന്ന് വിശദമാക്കിയിട്ടുണ്ട്. ആയതുകൊണ്ട് സമയബന്ധിതമായി ഇവയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഇവ നിരീക്ഷണ വിധേയമാക്കുന്നതിനും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. അത്തരത്തിലുള്ള വസ്തുനികുതി അപ്പീൽ രജിസ്റ്റർ, നികുതി എഴുതിതള്ളൽ സംബന്ധിച്ച രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ 2020-21 ലെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-15-1 സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവിലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്. ഇതിനായി തൊഴിൽ വകുപ്പ്, ചരക്ക് സേവന നികുതി വകുപ്പ്, വ്യവസായ വകുപ്പ്, ക്ഷേമനിധി ബോർഡുകൾ മുതലായ വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

### 1-15-2 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 603 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നു. ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും കൂടുതൽ ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | ലൈസൻസ് നം. |
|---|---|---|---|
| 1 | പൗർണ്ണമി എന്റർപ്രൈസസ്, മാല്ല്യങ്കര | കെ ജോർജ് ലൂയീസ് | 04/20-21 |
| 2 | വിഷ്ണു ഓട്ടോ വർക്സ്, മാല്ല്യങ്കര | ദിലീപ് എൻ വി | 08/20-21 |
| 3 | എ എം ഐസ് സ്റ്റോറേജ്, മാല്ല്യങ്കര | അനീഷ് കെ എ & സനീഷ് കെ എ | 20/20-21 |
| 4 | എഎം-പിഎം മറൈൻ എഞ്ചിനീയറിംഗ്, കുഞ്ഞിത്തൈ | അനീഷ് കെ എ | 21/20-21 |
| 5 | ലക്ഷ്മി ഐസ് ഫാക്ടറി, മാല്ല്യങ്കര | പി കെ ഹരിദാസ് | 43/20-21 |
| 6 | ബബിൾ കാർ സ്പാ, ഉരുത്തിപ്പുറം | പി എൽ ജോസഫ് | 46/20-21 |
| 7 | മാളിയേക്കൽ ഇൻഡസ്ട്രീസ്, മാല്ല്യങ്കര | ജോഷി മാടവനക്കാട് | 56/20-21 |
| 8 | ജെൽസൺ ഇൻഡസ്ട്രീസ്, കുഞ്ഞിത്തൈ | ജൂഡ്സൺ വി ജെ | 60/20-21 |
| 9 | സരസ്വതി മെറ്റൽ വർക്സ്, മാല്ല്യങ്കര | പ്രകാശൻ | 74/20-21 |
| 10 | അന്ന ചന്ദ്ര മറൈൻ അസോസിയേഷൻ, മാല്ല്യങ്കര | സാംബൻ എന്ന ശിവൻ | 76/20-21 |
| 11 | ഹിൽട്ടൺ ഫ്യൂവൽസ്, കുഞ്ഞിത്തൈ | ഷാഹിത ടി എ | 128/20-21 |
| 12 | അടിപറമ്പിൽ മറൈൻ, കുഞ്ഞിത്തൈ | സനിലൻ | 133/20-21 |
| 13 | ഭാരത് മറൈൻ ഇൻഡസ്ട്രീസ്, കുഞ്ഞിത്തൈ | ഉണ്ണികൃഷ്ണൻ ലാൽ | 138/20-21 |
| 14 | മാടവന ഐസ് പ്ലാന്റ്, മാല്ല്യങ്കര | ജോഷി മാടവനക്കാട് | 258/20-21 |
| 15 | ഡോ. പ്രശോഭ് അഡ്വാൻസ്ഡ് ഇഎൻഡി കെയർ ആന്റ് ഡോ പൂർണ്ണിമ മൾട്ടി സ്പെഷാലിറ്റി | ഡോ. പ്രശോഭ് | 406/20-21 |

| | | | |
|---|---|---|---|
| | ഡെന്റൽ ക്ലിനിക്, മൂത്തകുന്നം | | |
| 16 | സാജ് ഫ്യൂവൽസ്, ഉരുത്തിപ്പുറം | വി എസ് സോമൻ | 448/20-21 |
| 17 | മാർഷൽ ബോട്ട് യാർഡ്, കുഞ്ഞിത്തൈ | ഫിലോമിന റോച്ച | 533/20-21 |

കൂടുതൽ ജീവനക്കാരുള്ള ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15-3 റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | സാനിയോ സോവ്യർ |
| 2 | ശ്യം കെ ടി |
| 3 | കെ എം മഹേഷ് |
| 4 | വി ബി ജയപാലൻ |
| 5 | കാസിം പി എ |
| 6 | ജീസ്മോൻ എം എ |
| 7 | ഷൈൻ എ വില്യംസ് |
| 8 | ബൈജു ഫ്രാൻസീസ് |
| 9 | പി വി സുനിൽബാബു |
| 10 | ഓ പി ബിജു |
| 11 | കെ ജി ഫ്രാൻസിസ് |
| 12 | പി ജെ സാലി |
| 13 | ജോർജ്കുട്ടി |

## 1-15-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | ഉരുത്തിപ്പുറം ക്ഷീരോൽപാദക സഹകരണ സംഘം | II |
| 2 | കുര്യാപ്പിള്ളി ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 3 | വാവക്കാട് ക്ഷീരോൽപാദക സഹകരണ സംഘം | I |
| 4 | കൊട്ടുവള്ളിക്കാട് ക്ഷീരോൽപാദക സഹകരണ സംഘം | I |
| 5 | അക്ഷയ ഇ കേന്ദ്രം, ഉരുത്തിപ്പുറം | I &II |
| 6 | അക്ഷയ ഇ കേന്ദ്രം, കൊട്ടുവള്ളിക്കാട് | I &II |
| 7 | വടക്കേക്കര ഗ്രാമപഞ്ചായത്തിലെ താൽക്കാലിക ഡ്രൈവർ | I &II |
| 8 | ഹിന്ദു മത ധർമ്മ പരിപാലന സഭ, വടക്കേക്കര | I |
| 9 | ഗ്രാമ സേവാ സംഘം, വടക്കേക്കര | I &II |
| 10 | ദി ഉരുത്തിപ്പുറം മരണ സഹായ സംഘം | I &II |
| 11 | എസ് എൻ എം ടി.ടി.ഐ.യിലെ അറ്റന്റർ ശ്രീ. രാധാകൃഷ്ണൻ ഓ ഡി (31.05.2020 ന് സർവ്വീസിൽ നിന്നും വിരമിച്ചതായി രേഖപ്പെടുത്തി തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. രണ്ട് മാസത്തെ ശമ്പളത്തിനാനുപാതിമായി തൊഴിൽ | I |

| | | |
|---|---|---|
| | നികുതി ഈടാക്കേണ്ടതാണ്.) | |

## 1-15-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | ബി എസ് എൻ എൽ ഓഫീസ്, മൂത്തകുന്നം | I &II |
| 2 | കെ എസ് ഇ ബി ലിമിറ്റഡ്, ഇലക്ട്രിക്കൽ സെക്ഷൻ, മൂത്തകുന്നം | I &II |
| 3 | എസ് എൻ എം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി, മാല്യങ്കര | I &II |
| 4 | സെന്റ് ലൂയീസ് സാധുജന സഹായ സംഘം, ഉരുത്തിപ്പുറം | II |
| 5 | ഹിന്ദു ധർമ്മ പരിപാലന യോഗം, അണ്ടിപ്പിള്ളിക്കാവ് | I &II |
| 6 | ഭാരത് റൂറൽ ഹോസ്പിറ്റൽ & ട്രൈനിംഗ് സെന്റർ, മൂത്തകുന്നം | I &II |
| 7 | എസ് എൻ എം കോളേജ്, മാല്യങ്കര | I &II |
| 8 | ഉണ്ണി മിശിഹ സഹായ സംഘം, മടപ്ലാതുരുത്ത് | I |
| 9 | എച്ച് ഡി പി വൈ ഇംഗ്ലീഷ് മീഡിയം പബ്ലിക്ക് സ്കൂൾ, മൂത്തകുന്നം | I &II |
| 10 | എസ് എൻ എം പ്രൈ. എടിഇ ഐ ടി ഐ, അണ്ടിപ്പിള്ളിക്കാവ് | I &II |
| 11 | ഉരുത്തിപ്പുറം ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 12 | കുര്യാപ്പിള്ളി ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 13 | വാവക്കാട് ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 14 | കൊട്ടുവള്ളിക്കാട് ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 15 | അക്ഷയ ഇ കേന്ദ്രം, ഉരുത്തിപ്പുറം | I &II |
| 16 | അക്ഷയ ഇ കേന്ദ്രം, കൊട്ടുവള്ളിക്കാട് | I &II |
| 17 | ഹിന്ദു മത ധർമ്മ പരിപാലന സഭ, വടക്കേക്കര | I &II |
| 18 | ഗ്രാമ സേവാ സംഘം, വടക്കേക്കര | I |

## 1-15-6 സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഈടാക്കിയ ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|
| ഹാർബർ ഹോട്ടൽ, മാല്ല്യങ്കര | 7 | ലൈസൻസ് അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജിവനക്കാരുടെ എണ്ണം 40 |
| ബി എസ് എൻ എൽ, മൂത്തകുന്നം | 1 | 2019-20 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി പ്രകാരം സ്ഥാപനത്തിലെ ജിവനക്കാരുടെ എണ്ണം 4 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/16.12.2021 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന്

മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചിരിക്കുന്നു

സഞ്ചയയിലെ 1 മുതൽ 10 വരെ വാർഡുകളുടെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/സ്ഥാപനത്തിന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 2/122 | നാരായണൻ ശിവാനന്ദൻ, മുള്ളൻപറമ്പിൽ | 49.6 | Tax Exemption Type എന്ന കോളത്തിൽസ.ഉ(എം എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 2/123 | | 8.96 | |
| 2 | 2/449/B | ഗീത, കടുവശ്ശേരി | 38.78 | ,, |
| | 2/450 | | 35.2 | |
| 3 | 3/123/A | സതീശൻ, പടമാട്ടുമ്മൽ | 12.1 | ,, |
| | 3/123/B | | 36.37 | |
| 4 | 3/124 | ഷാജി, ഭഗവതിപറമ്പിൽ | 51 | ,, |
| | 3/124/A | | 46.46 | |
| 5 | 3/186 | ജോഷി, കുളത്തിപറമ്പിൽ | 20.15 | ,, |
| | 3/186/A | | 54.5 | |
| 6 | 4/130 | ഗീത, മഠത്തിൽ | 34.82 | ,, |
| | 4/130/A | | 38.79 | |
| 7 | 4/161 | രാമൻകുഞ്ഞപ്പൻ, അറുകാട്ട് | 42.18 | ,, |
| | 4/161A | | 52.07 | |
| 8 | 4/184 | ജാനരാജപ്പൻ, കൈതവളപ്പിൽ | 29.6 | ,, |
| | 4/184/B | | 59.08 | |
| 9 | 4/231 | ധർമ്മപാലൻ, തൈക്കൂട്ടത്തിൽ | 59 | ,, |
| | 4/231/A | | 51.4 | |
| 10 | 4/236 | വാസു ബാബു, തൈക്കൂട്ടത്തിൽ | 13 | ,, |
| | 4/237 | | 46 | |
| 11 | 4/297 | ഷൺമുഖൻ, പറമ്പത്തുശ്ശേരി | 40 | ,, |
| | 4/297/A | | 53.39 | |

| | | | | |
|---|---|---|---|---|
| 12 | 4/416<br>4/416/A<br>4/416/A1 | ബാഹുലേയൻ, തറയിൽ | 32.38<br>49.75<br>49.75 | ,, |
| 13 | 4/458<br>4/458/A | സെബാസ്റ്റ്യൻ, തുണ്ടിയിൽ | 25.92<br>58.5 | ,, |
| 14 | 5/221<br>5/222 | സി എസ് രവീന്ദ്രനാഥൻ, ചന്ദ്രശ്ശേരിൽ | 17<br>17 | ,, |
| 15 | 5/441/A<br>5/442<br>5/443 | അനിൽകുമാർ, കളവമ്പാറ | 27.68<br>48<br>48 | ,, |
| 16 | 6/7<br>6/8 | കരുണാകരൻ പുഷ്കരൻ, പുല്ലാർക്കാട്ട് | 44<br>40.83 | ,, |
| 17 | 6/106<br>6/107 | കുട്ടൻ, വിലാസിനി, രമേഷ് | 37.23<br>38 | ,, |
| 18 | 6/284<br>284/A | രവീന്ദ്രൻ, കളത്തിൽ | 42<br>.53<br>33.57 | ,, |
| 19 | 7/59<br>7/60 | ദാമോദരൻ അനിൽകുമാർ, പല്ലേക്കാട്ട് | 27.52<br>25 | ,, |
| 20 | 7/98<br>7/98/A | രാമൻ വേലായുധൻ, കാളിയമ്മപറമ്പിൽ | 39.07<br>47.4 | ,, |
| 21 | 7/102/A<br>7/102/D | നിധിൻ, കളത്തിൽ | 10.98<br>38.9 | ,, |
| 22 | 7/125<br>7/125/A | ഓമന, കാർത്താനപറമ്പിൽ | 32.75<br>16.56 | ,, |
| 23 | 7/164/A<br>7/165 | മുരളി, പുഴക്കരേടത്ത് | 47.9<br>20 | ,, |
| 24 | 7/170<br>7/170/A | സജീഷ്, വാഴേപ്പറമ്പിൽ | 19.6<br>44 | ,, |
| 25 | 7/181<br>7/181/A | മണി, കണ്ണംപ്ലാവത്ത് | 29.39<br>45.68 | ,, |
| 26 | 7/183/A<br>7/183/E | ബാബു, കളത്തിപ്പറമ്പിൽ | 23.18<br>38.57 | ,, |
| 27 | 7/327<br>7/327/B | സുരേഷ്കുമാർ, പയ്യപ്പിള്ളി | 41.38<br>53.71 | ,, |
| 28 | 7/389<br>7/388/C | ജോർജ്, കുരിശിങ്കൽ | 37.78<br>45.99 | ,, |
| 29 | 8/160<br>8/160/A | സന്ധ്യാവ്, മാമ്പള്ളിൽ | 15.08<br>55.76 | ,, |
| 30 | 8/171<br>8/172/A | സിദ്ധൻകുട്ടപ്പൻ, അന്തിക്കാട് | 30<br>60 | ,, |
| 31 | 8/310<br>8/310/. | ഫിലോമിന, പോളക്കാട്ട് | 27<br>18.95 | ,, |
| 32 | 8/317<br>8/318 | തോമസ്, ചെമ്പകശ്ശേരി | 41.7<br>28 | ,, |
| 33 | 8/369<br>8/370/A | സബേത്ത്, മനക്കിൽ | 46.8<br>49.5 | ,, |
| 34 | 9/249<br>9/249/A | ചീക്കു ജോസഫ്, കടച്ചകാട്ട് | 40<br>42 | ,, |
| 35 | 9/333<br>9/333/A1 | ജോൺസൺ റോച്ച, കിഴക്കേവീട്ടിൽ | 18.6<br>49.22 | ,, |
| 36 | 9/447<br>9/447/A | പ്രസാദ്, കാനാടി | 47.9<br>52.27 | ,, |
| 37 | 10/382<br>10/382/B | ഷിനു, വടക്കുംഞ്ചേരി | 30<br>44.73 | ,, |
| 38 | 10/503/A<br>10/503/B | അനീഷ്കുമാർ, അഞ്ചങ്ങൽ | 13.78<br>39.6 | ,, |

| | | | | |
|---|---|---|---|---|
| 39 | 10/517 | ജയൻ, കുറ്റിക്കാട്ട് | 12.34 | ,, |
| | 10/517/A | | 46.22 | |

സ.ഉ(എം.എസ്) നം.144/15/തസ്വഭവ പ്രകാരം 60 ച.മ.വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സ.ഉ.(എം.എസ്)നം.358/15/തസ്വഭവ പ്രകാരം ഒരാൾക്ക് ഈ ആനുകൂല്യം ഒരു കെട്ടിടത്തിന് മാത്രമേ ലഭിക്കുകയുള്ളൂ. മേൽ പട്ടിക പ്രകാരം ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/20.12.2021) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

സഞ്ചയയിലെ 1 മുതൽ 20 വരെയുള്ള മുഴുവൻ വാർഡുകളുടെയും അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചത് പുന:പരിശോധിച്ച് അനർഹമായ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഡി ആന്റ് ഓ ലൈസൻസ് അപാകതകൾ

ജി.ഒ(പി) നമ്പർ 80/2017 തസ്വഭവ തീയതി, 31.10.2017 പ്രകാരമുള്ള ഭേദഗതി ചട്ടങ്ങൾക്ക് മുമ്പ് വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് കണക്കാക്കിയിരുന്നത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസ് എന്നിങ്ങനെ തരംതിരിക്കേണ്ടതും ഓരോന്നിനും ബാധകമായ ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിലുള്ള തരംതിരിക്കൽ നടത്താതെ, മൂലധനനിക്ഷേപത്തിന്റെ മൂല്യം അപേക്ഷയിൽ മാത്രം രേഖപ്പെടുത്തി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയിരുന്ന തുക തന്നെ ഈടാക്കിയിരിക്കുന്നു. ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതായും കാണുന്നില്ല. ലൈസൻസിനും, ലൈസൻസ് പുതുക്കി നൽകുന്നതിനുമുള്ള എല്ലാ അപേക്ഷകളിലും പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും വാർഡ് തിരിച്ച് തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിലെ, ക്രമപ്രകാരം ലൈസൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-18 ബാങ്ക് അക്കൌണ്ടിൽ നിന്നും പലിശ ലഭിക്കാത്തത് സംബന്ധിച്ച്

വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ വാർഷിക കണക്കിലെ RP9, I-8 എന്നിവ പ്രകാരം തൻവർഷം "Interest From Bank Accounts" എന്ന ശീർഷകത്തിലെ വരവ് 58/- രൂപ മാത്രമാണ്. പഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്നത് എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ മൂത്തകുന്നം ശാഖയിൽ (ഇപ്പോൾ കേരള ബാങ്ക്) ആണ്. എന്നാൽ ടി സാമ്പത്തിക വർഷത്തിലും അതിന് മുമ്പും അക്കൌണ്ടിൽ നിന്നും പലിശയിനത്തിൽ യാതൊരു തുകയും എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ മൂത്തകുന്നം ശാഖയിൽ നിന്നും പഞ്ചായത്തിന് ലഭിച്ചിട്ടില്ലാത്തതായി കാണുന്നു.

ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള 2020-21 ലെ ഓരോ ടേമിലെയും നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (അക്കൗണ്ട് നം. 011281000000002)

അക്കൌണ്ട് തുടങ്ങിയ തീയതി - 31/3/1995

| തീയതി | നീക്കിയിരിപ്പ് |
|---|---|
| 1/4/2020 | 2,21,07,391.04 |
| 30/6/2020 | 2,21,77,969.04 |
| 30/9/2020 | 2,38,78,187.04 |
| 31/12/2020 | 2,49,78,464.04 |
| 31/3/2021 | 3,03,24,461.60 |

വലിയ തുകകൾ പഞ്ചായത്തിന്റെ പലിശ ലഭിക്കാത്ത അക്കൌണ്ടിൽ(കറണ്ട് അക്കൌണ്ട്) സൂക്ഷിക്കുന്നത് വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും നാളിതുവരെ നടപടിയൊന്നും തന്നെ കൈകൊണ്ടിട്ടില്ലാത്തതാണ്. പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്കാവശ്യമായ തുക SB Account ലും ബാക്കി തുക FD ആയും സൂക്ഷിക്കാവുന്നതാണ്. പൊതുജനങ്ങളിൽ നിന്നും നികുതിയിനത്തിലും മറ്റും സമാഹരിക്കുന്ന ധനം അവർക്ക് ഉപകരിക്കുന്ന വിധത്തിൽ ചെലവഴിക്കുകയോ അതല്ലെങ്കിൽ ഭാവിപ്രവർത്തനങ്ങൾക്കായി നിക്ഷേപിക്കുന്നതിനോ വേണ്ട നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-19 ദുരിതാശ്വാസ നിധി പ്രവർത്തനം

വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയുടെ (EDCB Account No.5) പ്രകാരം 2019-20, 2020-21 വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ താഴെപ്പറയുന്ന പ്രകാരമാണ്.

| | 2019-20 | 2020-21 |
|---|---|---|
| മുന്നിരിപ്പ് | 9701 | 13351 |
| വരവ് | 3650 | 50000 |

| | | |
|---|---|---|
| ആകെ | 13351 | 63351 |
| ചെലവ് | -- | -- |
| നീക്കിയിരിപ്പ് | 13351 | 63351 |

2019-20, 20-21 വർഷങ്ങളിൽ ദുരിതാശ്വാസനിധിയിൽ നിന്നും തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല. ദുരിതാശ്വാസനിധിയുടെ സബ് കമ്മിറ്റി യോഗം ചേരുകയോ പ്രവർത്തനം വിലയിരുത്തുകയോ ചെയ്തതായി കാണുന്നില്ല. 2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം സഹായം നൽകുന്നതിനായി രൂപീകരിച്ച് പ്രവർത്തിക്കേണ്ട ദുരിതാശ്വാസ നിധി കൂടുതൽ ധനസമാഹരണം നടത്തി കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈകൊള്ളേണ്ടതാണ്.

## 1-20 ആസ്തി സംരക്ഷണം

തദ്ദേശ സ്വയം ഭരണ വകുപ്പ് 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്റ്റാറ്റജിയും(AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. മേൽപ്പറഞ്ഞിട്ടുള്ള കാര്യങ്ങൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ടോ എന്നത് അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/9.12.21) പഞ്ചായത്തിൽ നിന്നും ലഭിച്ച മറുപടിയിൽ അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രതിമാസ യോഗങ്ങൾ ചേർന്ന് ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. ആയതിനുള്ള തുടർനടപടികൾ കൈകൊള്ളേണ്ടതാണ്.

2.പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, ആസ്തികളുടെ നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട പല കോളങ്ങളിലും രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു. കൂടാതെ, ആസ്തി രജിസ്റ്റർ പുതിയതായി നിർമ്മിച്ച റോഡുകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ്.

## 1-21 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-അവലോകനം

വടക്കേക്കര ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം 233/21 നമ്പർ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ തുടങ്ങുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചിരുന്നു. പിന്നീട് ഡൊമിസിലിയറി കെയർ സെന്റർ ആക്കുകയും 2020-21 വർഷം 7,31,796/-രൂപ ചെലവഴിക്കുകയും ചെയ്തു. എസ്.എൻ.എം കോളേജ് മാല്യങ്കരയിലെ ലേഡീസ് ഹോസ്റ്റലിൽ 14.10.2021 തീയതിയിൽ 50 ബെഡ് ഉപയോഗിച്ച് കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ പ്രവർത്തിച്ചിരുന്നു. പഞ്ചായത്തിലെ 20 വാർഡുകളിലും റാപ്പിഡ് റെസ്പോൺസ് ടീം (RRT) രൂപീകരിച്ചിട്ടുണ്ട്. എല്ലാ ആഴ്ചയിലും വാർഡ് മെമ്പറുടെ അധ്യക്ഷതയിൽ യോഗം ചേരുകയും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം വിലയിരുത്തുകയും പോരായ്മ വിശകലനം ചെയ്ത് പരിഹരിച്ച് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. 2020-21 എപ്രിൽ, മെയ് മാസങ്ങളിൽ വാർ റൂം, ഹെൽപ്പ് ഡെസ്ക്, കോർ ടീം എന്നിവ പ്രവർത്തിച്ചിരുന്നുവെങ്കിലും ഹെൽപ്പ് ഡെസ്ക് ഒഴികെയുള്ള സംവിധാനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല. ഡൊമിസിലിയറി കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കുകയും ചെയർമൻ പ്രസിഡന്റും കൺവീനർ മെഡിക്കൽ ഓഫിസറും, സെക്രട്ടറി, ആരോഗ്യക്ഷേമ സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൻ എന്നിവർ മെമ്പേഴ്സുമാണ്. കുടുബശ്രീ നടത്തിയ കമ്മ്യൂനിറ്റി കിച്ചനുകളിൽ നിന്നും യഥാസമയം ഭക്ഷണം എത്തിക്കുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിച്ചിരുന്നു. ഓരോ വാർഡിലും 50 വീടുകളുടെ ക്ലസ്റ്ററുകളായി തിരിച്ച് രോഗ വ്യാപനം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വാക്സിനേഷന് ക്യാമ്പുകൾ സംഘടിപ്പിക്കുകയും പരമാവധി ആളുകൾക്ക് ആയതിന്റെ പ്രയോജനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡൊമിസിലിയറി കെയർ സെന്ററിലേക്ക് വാങ്ങിയ സാധനങ്ങൾക്ക് കൃത്യമായ രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്. സംഭാവന ഇനത്തിൽ ലഭിക്കുന്ന തുക നിക്ഷേപിക്കുന്നതിന് ബാങ്ക് ഓഫ് ഇൻഡ്യ മൂത്തകുന്നം ബ്രാഞ്ചിൽ 856010110020366 നമ്പറായി അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതാണ്. ബാങ്ക് പാസ് ബുക്ക്, വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. വാർഡ് തലത്തിൽ പൾസ് ഓക്സിമീറ്റർ സിഎച്ച്സി. ആശാവർക്കർ മുഖേന വാർഡുകളിൽ വിതരണം ചെയ്ത് ഉപയോഗിക്കുന്നുണ്ട്. 2020-21 വർഷം കോവിഡ് പ്രവർത്തനങ്ങൾക്ക് വേണ്ടി സംഭാവന ലഭിച്ചിരുന്നില്ല.

2020-21 വർഷം കോവിഡ് പ്രവർത്തനങ്ങൾക്ക് വേണ്ടി ലഭിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | തനത് ഫണ്ട്(പ്രോജക്ട്) | 2,00,000 |
| 2 | ഡി.ഡി.എം.എ | 1,00,000 |
| 3 | ജില്ലാ പഞ്ചായത്ത് | 50,000 |
| 4 | തനത് ഫണ്ട്(കണ്ടിജന്റ് ചെലവ്) | 2,59,796 |
| 5 | അഡ്വാൻസ് ടു നോഡൽ ഓഫീസർ | 472000 |
| ആകെ | | 10,81,796 |
| ആകെ ചെലവ് | | 7,31,796 |
| ബാലൻസ് | | 3,50,000 |

ഗ്രാമപഞ്ചായത്തിൽ തൃപ്തികരമായ രീതിയിലാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

## 1-22 അനധികൃത നിർമ്മാണം- അപാകത

വടക്കേക്കര ഗ്രാമപഞ്ചായത്തിലെ 19ാം വാർഡിൽ റെക്ടർ, സെന്റ് ആന്റണിസ് ഷ്രൈൻ ചെട്ടിക്കാട് -ന്റെ ഉടമസ്ഥതയിലുള്ള 131.69 ആർ സ്ഥലത്ത് 4592.67 ച.മീ തറ വിസ്തീർണ്ണത്തിൽ ഗ്രൂപ് ഡി& ഗ്രൂപ് എ2 (ഓഡിറ്റോറിയം & താമസം) വിഭാഗത്തിൽപ്പെട്ടതുമായ കെട്ടിടത്തിന് നമ്പർ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് 02.11.2018 ൽ അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ ടി കെട്ടിടത്തിന്റെ വടക്ക് വശത്ത് തീരദേശ പരിപാലന നിയമങ്ങൾ ലംഘിച്ചും പടിഞ്ഞാറു വശം 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുമാണ് നിർമ്മിച്ചിട്ടുള്ളതെന്നും കെട്ടിടത്തിന് ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരവും ഫയർ& റെസ്ക്യൂ സർവ്വീസ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവിടങ്ങളിൽ നിന്നും നിരാക്ഷേപപത്രം ലഭിച്ചിട്ടില്ലായെന്നും മേൽ അപേക്ഷയിൽ അസി.എഞ്ചിനീയർ 25.02.2020ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപാകതകൾ പരിഹരിക്കാത്തതിനെ തുടർന്ന് ടി കെട്ടിടം അനധികൃതമാണെന്ന് വിലയിരുത്തുകയും 05.06.2020 തീയതിയിൽ എ4-9891/2018 നമ്പർ സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം കെട്ടിടത്തിന്റെ അനധികൃത നിർമ്മാണം നടത്തിയ ഭാഗങ്ങൾ പൊളിച്ച് കളയുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി അനധികൃത നിർമ്മിതി ക്രമീകരിക്കുകയോ മേൽ സ്ഥാപനത്തിന് എതിരെ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 അനുപൂരക പോഷകാഹാര പദ്ധതി

| | |
|---|---|
| പ്രോജക്ടിന്റെ പേര് വിവരം | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി |
| അടങ്കൽ | 3300000 |
| ചെലവഴിച്ചത് | 2524118 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

2020-21 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് ചൂർണ്ണിക്കര അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റാണ് (Common Facility Centre, Choornikkara). കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)-ലെ ക്രമ നം. 66 ക്ലോസ് (B) (li) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ വടക്കേക്കര ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം ജി.എസ്.ടി ചുമത്തിയതായി കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം/ | ന്യൂട്രിമിക്സിന്റെ വില | ചുമത്തിയ ജി.എസ്.ടി |
|---|---|---|---|
| 1 | 91/29.04.2020 | 124292 | 5918 |
| 2 | 97/30.05.2020 | 137878 | 6564 |
| 3 | 778/30.06.2020 | 53280 | 2664 |
| 4 | 180/16.07.2020 | 54360 | 2718 |

| | | | |
|---|---|---|---|
| 5 | 785/24.08.2020 | 49320 | 2466 |
| 6 | 704/24.08.2020 | 149201 | 7104 |
| 7 | 003/22.12.2020 | 155995 | 7428 |
| 8 | 710/26.12.2019 | 150459 | 7164 |
| 9 | 788/28.09.2020 | 50400 | 2520 |
| 10 | 717/26.02.2020 | 155995 | 7428 |
| 11 | 710/28.09.2020 | 150459 | 7164 |
| 12 | 788/28.09.20 | 50400 | 2520 |
| 13 | 192/16.11.20 | 48060 | 2403 |
| 14 | 352/22.12.20 | 49860 | 2493 |
| 15 | 364/17.03.21 | 50580 | 2529 |

അംഗൻവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ അംഗൻവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ്എൻക്വയറി നമ്പർ 15 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ വനിത ശിശു വികസന ഡയറക്ടറുടെ 18.08.2021 ലെ ICDS B3/13220/21 നമ്പർ കത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. ആയതിൽ അമൃതം ന്യൂട്രിമിക്സ് വിതരണത്തിൽ ജി.എസ്.ടി ഒഴിവാക്കാൻ സാധിക്കുമോ എന്ന വിഷയത്തിൽ കൂടുതൽ സ്പഷ്ടീകരണം ആവശ്യമാണെന്നും കേന്ദ്രസർക്കാരിൽ നിന്ന് ഒരു സ്പഷ്ടീകരണം ലഭ്യമാകുന്നത് വരെ സ.ഉ.(സാധാ) നം. 1450/2018/തസ്വഭവ. തീയതി 25.05.2018 പാലിക്കേണ്ടതാണെന്നും രേഖപ്പെടുത്തി കാണുന്നു. ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-24 ലൈബ്രറികൾക്ക് പുസ്തകം,ഫർണീച്ചർ എന്നിവ വാങ്ങുന്നതിലെ അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര് വിവരം | എസ്.313/20 ലൈബ്രറിക്ക് പുസ്തകങ്ങൾ/ഫർണീച്ചർ വാങ്ങൽ |
| അടങ്കൽ | 350000(പ്ലാൻഫണ്ട്) |
| ചെലവഴിച്ചത് | 348852(ബിൽ നമ്പർ/തീയതി-6/20-21 /31.03.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ്, ഗവ എൽ.പി. സ്കൂൾ |

വടക്കേക്കര ഗ്രാമപഞ്ചായത്തിൽ ഹെഡ്മിസ്ട്രസ്സ്, ഗവ എൽ.പി. സ്കൂൾ നിർവ്വഹണം നടത്തിയ പദ്ധതിയിൽ ലൈബ്രറികൾക്ക് പുസ്തകം,ഫർണീച്ചർ എന്നിവ വാങ്ങുന്നതിന് 348852/-രൂപ ചെലവഴിച്ചിരുന്നു. വടക്കേക്കര ഗ്രാമപഞ്ചായത്ത് 2018-19 വർഷം പ്രളയബാധിത പഞ്ചായത്ത് ആയിരുന്നു. സ.ഉ(കൈ)നമ്പർ 170/2019/ത.സ്വ.ഭ.വ തീയതി 23.12.2019 പ്രകാരം പ്രളയബാധിത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രത്യേക വിഹിതം ചെലവഴിക്കുന്നതിനുള്ള മാർഗരേഖ ലഭ്യമാക്കിയിരുന്നു. മാർഗരേഖ പ്രകാരം ജീവനോപാധി പരിപാടികൾ നടപ്പിലാക്കുന്നതിനൊപ്പം മുൻഗണന അർഹിക്കുന്നതും അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതുമായ പ്രോജക്ടുകൾ സംബന്ധിച്ച് വ്യക്തമാക്കിയിരുന്നു.പ്രളയ ഫണ്ട് ഉപയോഗ മാർഗ്ഗരേഖ അനുബന്ധം 4-1(V) പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതും പ്രളയത്തിൽ നാശ നഷ്ടമുണ്ടായതുമായ ഗ്രന്ഥശാലകളുടെ പുനർനിർമ്മാണ പ്രവൃത്തികൾക്കും പുസ്തകങ്ങൾ വാങ്ങുന്നതിനും തുക ചെലവഴിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 15.02.2021 തീയതിയിലെ 3(1)ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പുസ്തകങ്ങൾ, മേശ, കസേരകൾ, മൈക്ക്, പ്രൊജക്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയത് പ്രകാരം കേരള സംസ്ഥാന ഇൻഡസ്ട്രീസ് എന്റർപ്രൈസസ് ലിമിറ്റഡിൽ നിന്നും 6 ലൈബ്രറികൾക്കായി 311102/-രൂപയ്ക്ക് മൈക്ക്,പ്രൊജക്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ മേൽ വാങ്ങലുകൾ പുനർ നിർമ്മാണം എന്ന നിർവചനത്തിൽ ഉൾപ്പെടുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-6 ന് 14.12.2021 ൽ ലഭ്യമാക്കിയ മറുപടി പരിശോധിച്ചു. ലൈബ്രറികളിലൂടെ വാങ്ങിയ മേൽ ഉപകരണങ്ങൾ ഓൺലൈൻ ക്ലാസുകൾക്ക് ഉപയോഗിക്കുന്നുണ്ടെന്നും ലൈബ്രറികളുടെ മൊത്തം പശ്ചാത്തല സൗകര്യം ആധുനികരിക്കുകയെന്ന ലക്ഷ്യത്തിലൂടെയാണ് പ്രവർത്തി നടത്തിയതെന്നുമുള്ള മറുപടി അംഗീകരിക്കുന്നു. ഇത്തരം വാങ്ങലുകളിൽ പദ്ധതി മാർഗ്ഗരേഖ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-25 കെ.എം.എസ്.സി.എലിൽ നിന്നും മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്റ്റ് നം. 110, കോവിഡ് 19 പ്രതിരോധ പരിപാടികൾ

അടങ്കൽ - 357400/- രൂപ (തനത് ഫണ്ട് - 50000/- രൂപ, മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 307400/-രൂപ)

ചെലവ് - 357400/- രൂപ (തനത് ഫണ്ട് - 50000/- രൂപ, മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 307400/-രൂപ)

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എലിന് (അക്കൗണ്ട് നം. 3624001800000019 ) താഴെ പറയുന്ന ബില്ല് പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം./തീയതി | പ്രൊഫോർമ ഇൻവോയ്സ് നം./തീയതി (തുക) |
|---|---|---|
| 1 | 04/20-21 /22.07.2020 | PRF3246/14.12.2019 (17880 രൂപ) |

കെ.എം.എസ്.സി.എലിൽ നിന്നും പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള 17880/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ബാച്ച് നം., എക്സ്പെയറി ഡെയ്റ്റ് എന്നിവ രേഖപ്പെടുത്തിയ ഒറിജിനൽ ഇൻവോയ്സുകൾ, സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എന്നിവ പരിശോധനയ്ക്ക് നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/16.12.2021) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

കെ.എം.എസ്.സി.എലിൽ നിന്നും പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ലഭിച്ചതിന്റെ ബാച്ച് നം., എക്സ്പെയറി ഡെയ്റ്റ് എന്നിവ രേഖപ്പെടുത്തിയ ഒറിജിനൽ ഇൻവോയ്സുകൾ, സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എന്നിവ പരിശോധനയ്ക്ക് നൽകുന്നത് വരെ ഈ ഇനത്തിലുള്ള 17880/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 സാന്ത്വന പരിചരണം – തുക വകയിരുത്തിയിട്ടും മരുന്നുകളും അനുബന്ധ ഉപകരണങ്ങളും ഗുണഭോക്താകൾക്ക് ലഭ്യമാക്കിയിട്ടില്ല

പ്രൊജക്റ്റ് നം. 33, കിടപ്പിലായ രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണം

അടങ്കൽ - 600000/- രൂപ (1.വികസന ഫണ്ട് (പൊതു വിഭാഗം) – 400000/- രൂപ, 2. മറ്റ് ബ്ലോക്ക് പഞ്ചായത്ത് – 200000/- രൂപ)

ചെലവ് - 433336/- രൂപ (1.വികസന ഫണ്ട് (പൊതു വിഭാഗം) – 399896/- രൂപ, 2. മറ്റ് ബ്ലോക്ക് പഞ്ചായത്ത് – 33440/- രൂപ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കിടപ്പിലായ രോഗികളെ വീട്ടിൽ ചെന്ന് പരിചരിക്കുകയും ആവശ്യമായ മരുന്നുകളും സാമഗ്രികളും നൽകലുമാണ് പദ്ധതി ലക്ഷ്യം. പദ്ധതി പ്രകാരം മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 130000/- രൂപ വകയിരുത്തിയിട്ടുണ്ട്.
എന്നാൽ പദ്ധതി പ്രകാരം പാലിയേറ്റീവ് കെയർ നഴ്സിനുള്ള ഹോണറേറിയം, വണ്ടി വാടക, ഭക്ഷണ ചെലവ് എന്നീ ഇനങ്ങൾക്ക് വേണ്ടി മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. കിടപ്പിലായ രോഗികൾക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയതായി കാണുന്നില്ല. ആവശ്യമായ തുക വകയിരുത്തിയിട്ടും കിടപ്പിലായ രോഗികൾക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകാത്തതിനുള്ള കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/16.12.2021) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

എ) കിടപ്പിലായ രോഗികൾക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും തൻവർഷം തന്നെ വാങ്ങി നൽകി പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) 07.03.2019 ലെ സ.ഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 ഹോമിയോ ഡിസ്പെൻസിറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

പ്രൊജക്റ്റ് നം. 104, എൻ എച്ച് എം ഹോമിയോ ഡിസ്പെൻസിറിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 250000/- രൂപ

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് - 250000/- രൂപ

ഹോമിയോ ഡിസ്പെൻസിറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി 27.02.2021 ലെ ബിൽ നം.01/2020-21 പ്രകാരം 250000/- രൂപ (പ്രൊഫോർമ ഇൻവോയ്സ് നം. PF-1350/19.02.2020) ഹോംകോയുടെ അക്കൗണ്ടിലേക്ക് (നം. 34306403911, എസ്.ബി.ഐ) മാറി നൽകിയിട്ടുണ്ട്. ഹോംകോയിൽ നിന്നും മരുന്നുകൾ ലഭിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | തുക |
|---|---|---|
| 1 | LF-62/30.04.2021 | 47250 |
| 2 | LF-370/27.05.2021 | 25200 |
| 3 | LF-1873/11.12.2021 | 98677 |
| ആകെ തുക | | 171127/- രൂപ |

ബാക്കിയുള്ള തുകയായ 78873/- (250000-171127) രൂപയുടെ മരുന്നുകൾ ഹോംകോയിൽ നിന്നും ലഭിച്ചതായി കാണുന്നില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മേൽ നടപടികളുടെ വിവരം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/16.12.2021) ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ബാക്കിയുള്ള തുകയായ 78873/- (250000-171127) രൂപയുടെ മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കി അറിയിക്കുന്നതു വരെ ഈ ഇനത്തിലുള്ള 78873/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. ക്രമ നം. 3 ലെ ഇൻവോയ്സ് പ്രകാരം ലഭിച്ചിട്ടുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. ആയത് സ്റ്റോക്കിലെടുക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 വീട് വാസയോഗ്യമാക്കൽ-അപാകത

2018-19 വർഷം വി.ഇ.ഒ. നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് വിവരം | എഗ്രിമെന്റ് തീയതി | തുക കൈപ്പറ്റിയ തീയതി | തുക |
|---|---|---|---|---|
| 1. | ഭാർഗ്ഗവി രാമചന്ദ്രൻ മാളിയം വീട്ടിൽ വാവക്കാട് | 28.07.2018 | 17.01.2019 | അഡ്വാൻസ് 40000/- |
| 2. | ബീന കാനാടി മടപ്ലാതുരുത്ത് | 31.07.2018 | 17.01.2019 | അഡ്വാൻസ് 40000/- |

മേൽ ഗുണഭോക്താക്കളുടെ വീട് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 കോഴ്സ് പൂർത്തീകരിച്ചതിനുശേഷം ലാപ്പ്ടോപ്പ് അനുവദിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്റ്റ് നം. 14/20-21, എസ്.സി.പ്രൊഫഷണൽ/ ബിരുദവിദ്യാർത്ഥികൾക്ക് ലാപ്ടോപ്

അടങ്കൽ-293200 (വികസന ഫണ്ട്-എസ്.സി.പി)

ചെലവ് - 293200

ബിൽ നം- 15/18.3.21

ഗ്രാമപഞ്ചായത്തിലെ എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി 2020-21 ലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കെൽട്രോണിന് (ഐ.ടി.മിഷന്) 18.3.21 ന് ലാപ്ടോപ്പിനായി തുക നൽകിയെങ്കിലും സപ്റ്റംബർ 2021 ൽ മാത്രമാണ് ലാപ്ടോപ്പുകൾ ലഭിച്ചത്.

2021 വർഷത്തിൽ 11 ഗുണഭോക്താക്കൾക്ക് ലാപ് ടോപ് വിതരണം ചെയ്തതിൽ അർഹതാ രേഖകൾ പ്രകാരം 2020- 21ൽ പഠനം പൂർത്തിയാക്കിയ താഴെ പറയുന്ന 5 വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് നൽകിയിട്ടുണ്ട്. ഇൻവോയ്സുകൾ, കരാർ എന്നിവ പ്രകാരം 9/21 ലാണ് ലാപ്ടോപ്പുകൾ നൽകിയിട്ടുള്ളത്. പഠനം അവസാനിച്ചതിനുശേഷം ലാപ്ടോപ്പുകൾ നൽകിയതിനാൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം പൂർണ്ണമാകുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് |
|---|---|
| മിബിത മോൾ | ബി.എസ്.സി കെമിസ്ട്രി, സെന്റ് സേവ്യേഴ്സ് കോളേജ് |
| അതുൽ ആനന്ദ്. | ബി.എ. മലയാളം, ഹോളിഗ്രേസ് കോളേജ്, മാള |
| ആദർശ്.സി.എ | ബി.എ.മലയാളം, ഹോളിഗ്രേസ് കോളേജ് |
| അഭിരാമി.ടി.എ | ബി.എ.എകണോമിക്സ്, എസ്.എൻ.എം.കോളേജ് |
| അനുപമ.ഒ.യു | സിവിൽ എഞ്ചിനിയറിംഗ് ഡിപ്ലോമ ശ്രീരാമ ഗവ.പോളിടെക്നിക് |

കോഴ്സ് നടന്നുകൊണ്ടിരിക്കെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിയിരുന്നുവെങ്കിൽ മാത്രമേ വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്ക് പ്രയോജനപ്പെടുകയുള്ളൂ. വിദ്യാഭ്യാസആവശ്യങ്ങൾക്കായി നൽകേണ്ട ലാപ്ടോപ് വിദ്യാഭ്യാസകാലയളവിന് ശേഷം വിതരണം ചെയ്യുവാനിടയായത് പദ്ധതിയുടെ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്.

ഓഡിറ്റ് എൻക്വയറിക്ക് -8/13.12.21മറുപടിയായി 2019-20 ലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് നൽകിയത് എന്നും കെൽട്രോണിൽ നിന്നും ലാപ്ടോപ് ലഭ്യമാകാൻ കാലതാമസം വന്നതിനാലാണ് വിതരണം വൈകിയത് എന്നുമാണ് മറുപടി നൽകിയത്.

കോഴ്സ് നടന്നുകൊണ്ടിരിക്കെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിയിരുന്നുവെങ്കിൽ വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്ക് പ്രയോജനപ്പെടുമായിരുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ബഡ്സ് സ്കൂളിന് ഉപകരണങ്ങൾ വാങ്ങൽ - സ്കൂൾ ആരംഭിച്ചിട്ടില്ല

പ്രൊജക്ട്- ബി.ആർ.സിയിലേക്ക് കളിയുപകരണങ്ങൾ (229/21)

നിർവഹണം- അസി.സെക്രട്ടറി

അടങ്കൽ- 450000

ചെലവ് - 4,28,017 (റിക്വസിഷൻ -5062719602200026/30.3.21)

പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും ഭിന്നശേഷിക്കാർക്ക് ആവശ്യമായ വിവിധ ഉപകരണങ്ങൾ ബഡ്സ് സ്കൂളിനായി വാങ്ങിയിട്ടുണ്ട്. ഉപകരണങ്ങൾ 5.9.21 ന് ലഭിച്ചിട്ടുണ്ട്. എന്നാൽ ബഡ്സ് സ്കൂൾ നാളിതുവരെ ആരംഭിച്ചതായി കാണുന്നില്ല.

ഓഡിറ്റ് എൻക്വയറിക്ക് 08/13.12.21 മറുപടിയായി ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. ഉപകരണങ്ങൾ എല്ലാം ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. സ്കൂൾ കാലതാമസം കൂടാതെ ആരംഭിച്ച് ഉപകരണങ്ങൾ പദ്ധതി ലക്ഷ്യങ്ങൾക്കനുസൃതമായി ഉപയോഗിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 തെരുവ് വിളക്ക് മെയിന്റനൻസ് -അപാകതകൾ

തെരുവ് വിളക്കുകൾക്ക് വാർഷിക മെയിന്റനൻസ് കോൺട്രാക്ട്

| | |
|---|---|
| പ്രോജക്ട് നം | 105/20-21 |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 800000/- |
| ചെലവ് | 1) 2939621/3.2.21- 280818 (തനത് ഫണ്ട്)<br>2) 25/26.3.21 -190000<br>(CFC) |

പ്രോജക്ടിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി പവർമാൻ ഇലക്ട്രിക്കൽസ് -(₹.736000), എന്ന കരാറുകാരന്

തൻവർഷം ആകെ 470818/- രൂപ നൽകിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് തുക നൽകിയത്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

1)തെരുവ് വിളക്ക് രജിസ്റ്റർ: വാർഡ് തിരിച്ച് ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറും സ്ഥാപിച്ചിരിക്കുന്ന ലൈറ്റിന്റെ ഇനവും, ലൈറ്റുകൾ സ്ഥാപിച്ച തിയതി, റീപ്ലേസ്മെന്റ് വാറന്റി സമയപരിധി, സർവീസ് വാറന്റി കാലാവധി എന്നിവ തെരുവ് വിളക്കുകളുടെ രജിസ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തൻമൂലം കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലുകൾ പ്രകാരമുള്ള ലൈറ്റുകളുടെ എണ്ണത്തിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ വാറന്റി കാലാവധി അവസാനിക്കാത്ത ലൈറ്റുകളും മാറ്റി സ്ഥാപിച്ച് അവക്ക് തുക നൽകിയോ എന്ന് പരിശോധിക്കുവാനും കഴിഞ്ഞില്ല.

2)പരാതി രജിസ്റ്റർ: തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 പ്രകാരം തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ സൂക്ഷിച്ച രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. 2020ജൂൺ മാസത്തിന് ശേഷം പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല.

3)നോഡൽ ഓഫീസർ: ഗ്രാമ പഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ലെ ജി2-44274/2015 നമ്പർ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ, പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തി, നോഡൽ ഓഫീസർ മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഈ പ്രവർത്തനങ്ങളൊന്നും തന്നെ പഞ്ചായത്തിൽ നടപ്പായിട്ടില്ല

ഓഡിറ്റ് എൻക്വയറിക്ക് (10/16.12.2021) മറുപടിയായി മെയിന്റനൻസ് കൃത്യമായി മോണിറ്റർ ചെയ്യുന്നുണ്ട് എന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് തെരുവ് വിളക്ക് മെയിന്റനൻസ് കാര്യക്ഷമമായി നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-32 ലൈഫ് ഭവനം -നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

നിർവഹണം- അസി.സെക്രട്ടറി

പദ്ധതി -ലൈഫ് ഭവനം -എസ്.സി(214/21)

അടങ്കൽ - 1218176

ചെലവ് - 900000

ലൈഫ് പദ്ധതി (214/21) പ്രകാരം ധനസഹായം അനുവദിച്ചവരിൽ ശ്രീമതി.ഗിരിജ.കെ.കെ എന്ന ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തിയാക്കി പൂർണ്ണ തുക കൈപ്പറ്റിയിട്ടില്ല. 35000/-രൂപ നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പണി പൂർത്തിയാക്കിയിട്ടുണ്ട് എന്നും സെക്രട്ടറിയുമായി കരാർ ചമച്ചശേഷം തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 വിനിയോഗവിവരം ലഭ്യമാക്കണം

പ്രൊജക്ട് – ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വ്യക്തിഗത കുടിവെള്ള ഹൌസ് കണക്ഷൻ - 226/21
നിർവഹണം – സെക്രട്ടറി

അടങ്കൽ - 216000-പ്ലാൻ

ചെലവ് - 216000

ബിൽ – 28/27.3.21-

പദ്ധതിയുടെ പഞ്ചായത്ത് വിഹിതം വാട്ടർ അതോറിറ്റിക്ക് 27.3.21 ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

പദ്ധതി പ്രകാരം നൽകിയ കണക്ഷനുകളുടെ വിവരവും വിനിയോഗവിവരവും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി- 10/16.12.21). വിനിയോഗ രേഖകൾ ലഭ്യമാകുന്നതുവരെ 216000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-34 മരണശേഷവും ഗുണഭോക്താക്കളുടെ പെൻഷൻ വിതരണം ചെയ്തു

ഡെത്ത് രജിസ്ട്രേഷൻ അപേക്ഷയിലെ ആധാർ നമ്പർ അടിസ്ഥാനമാക്കി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കൾക്ക് മരണ ശേഷവും പെൻഷൻ

അനുവദിച്ചതായി കാണുന്നു (ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു). പരിശോധനയിൽ കണ്ടെത്തിയ ഏതാനും ചില ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.വടക്കേക്കര ഗ്രാമപഞ്ചായത്ത്

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | വിക്ടോറി | വാർദ്ധക്യ കാല പെൻഷൻ | 106270200548 | 22.1.21 | 2/21 - 11/21 | 1600x10 =16000 |
| 2 | ആനന്ദൻ.ടി.കെ | കർഷക തൊഴിലാളി പെൻഷൻ | 106270100033 | 14.1.21 | 2/11-11/21 | 16000 |

2. മറ്റ് ഗ്രാമപഞ്ചായത്തിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഗ്രാമപഞ്ചായത്ത് | പെൻഷൻ തരം | പെൻഷൻ ഐഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | കൊച്ചുത്രേസ്യ ആന്റണി | വരാപ്പുഴ ഗ്രാമ പഞ്ചായത്ത് | വിധവ പെൻഷൻ | 106300600771 | 31.12.20 | 1/21 - 11/21 | 17300 |
| 2 | കൃഷ്ണൻ കുട്ടി | ചിറ്റാറ്റുകര | വാർദ്ധക്യ കാല പെൻഷൻ | 106280100169 | 28.12.20 | 1/21 - 11/21 | 17300 |
| 3 | സത്യഭാമ | ചേന്ദമംഗലം | വിധവ പെൻഷൻ | 106240600367 | 3.10.21 | 11/20-11/21 | 20100 |

ധനകാര്യ വകുപ്പിന്റെ 22.01.2018-ലെ സർക്കുലർ നം.എസ്.എഫ്.സി-ബി2-/53/2017/ധന പ്രകാരം പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിക്കേണ്ടതും മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ സേവനയിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരണശേഷം അനർഹമായി വിതരണം ചെയ്തതായി കണ്ടെത്തുന്ന തുകകൾ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നം. 63/2021/ധന, തീയതി: 02.08.2021 പ്രകാരമുള്ള താഴെപ്പറയുന്ന നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

1) പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്കു മുൻപായി അറിയിക്കേണ്ടതാണ്.

2)പ്രാദേശിക സർക്കാർ പരിധിക്കുള്ളിൽ മരണപ്പെടുന്നവരുടെ വിവരങ്ങൾ 3 മാസത്തിലൊരിക്കൽ വീഴ്ചകൂടാതെ ധനകാര്യ(എസ്എഫ്സി-ബി) വകുപ്പിൽ അറിയിക്കേണ്ടതാണ്.

3)ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/ അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണ്.

മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിനു സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്നും മേൽ പരാമർശിത സർക്കുലറിൽ വ്യവസ്ഥയുണ്ട്.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16 -/17.12.2021) മറുപടിയായി

അനന്തരാവകാശികളിൽ നിന്നും പെൻഷൻ തുക തിരികെ ഈടാക്കുന്നതിന് കത്തയച്ചിട്ടുണ്ട് എന്നും മരണപ്പെട്ടവരുടെ Id സേവനയിൽ നിന്നും സസ്പെന്റ് ചെയ്തു എന്നും മറ്റ് പഞ്ചായത്തുകൾക്ക് കത്ത് നൽകി എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ഡെത്ത് രജിസ്ട്രേഷൻ അടിസ്ഥാനമാക്കി എല്ലാ പെൻഷൻകാരുടെയും വിവരങ്ങൾ പരിശോധിച്ച് അനർഹരെ ഒഴിവാക്കേണ്ടതാണ്. മേൽ ഉത്തരവുകളിലെ നിർദേശങ്ങൾ പാലിക്കേണ്ടതും അനർഹമായി വിതരണം ചെയ്ത പെൻഷൻ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുകയുംചെയ്യേണ്ടതാണ്.

## 1-35 പൊതുമരാമത്ത് പ്രവർത്തി - ഫൈൻ ഈടാക്കിയില്ല

താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെ വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രൊജക്റ്റ് നമ്പരും പേരും : - ഐശ്വര്യ റോഡ് റീടാറിംഗ് -112/20 (Spill Over)

അടങ്കൽ: (2020-21)– 356000പ്ലാൻ ഫണ്ട് (ജ)

ചെലവ് (20-21): 356000,

ബിൽ നം. 1/21-4-20,

കരാർ നം.70/AE/LSGD/6-3-2019 , -(PAC): ,

കരാറുകാരൻ: അനീഷ്.സി.എസ്

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 5.9.19 (6 മാസം)

പൂർത്തീകരിച്ച തീയ്യതി: 25-3-20, അളവു പുസ്തകം: 304/19-20

ആകെ പ്രവൃത്തി മൂല്യം: 405000

അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും തമ്മിലുള്ള കരാർ വ്യവസ്ഥ 7 പ്രകാരം ആകെ കാലാവധിയുടെ 1/5 വരെ സമയം പിഴയില്ലാതെ ദീർഘിപ്പിക്കാവുന്നതും തുടർന്നുള്ള 3 മാസം വരെ പി.എ.സിയുടെ 1% നിരക്കിലും പിന്നീടുള്ള ഓരോ മൂന്ന് മാസവും 2% വും നിരക്കിലും പിഴ ഈടാക്കേണ്ടതുമാണ്. എന്നാൽ സമയപരിധിക്കകം പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കാതെയാണ് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. പ്രവൃത്തി പൂർത്തിയാക്കാൻ കാലാവധിയുടെ 50% ത്തിലധികം സമയം ദീർഘിപ്പിച്ചുനൽകിയതും നിയമാനുസൃതമല്ല. ആരോഗ്യപ്രശ്നം കാരണം പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്നാണ് 27.12.19 ലെ കത്ത് മുഖേന കരാറുകാരൻ അറിയിച്ചിട്ടുള്ളത്. പ്രസ്തുത കാരണം കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകളിൽ നിന്നുംകരാർ വ്യവസ്ഥകളിൽ നിന്നും ഇളവ് നൽകുവാൻ (പിഴ ഈടാക്കാതിരിക്കാൻ) പര്യാപ്തമല്ല.
(ഓഡിറ്റ് എൻക്വയറി- 17/17.12.21)

## 1-36 കരാർ സമയപരിധിക്കകം ചമയ്ക്കാത്തവരിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി നടത്തിയ സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ കരാറുകാരനിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്രമനം | പ്രവൃത്തി, എ.പി.എ.സി ഫൈനൽ ബിൽ നം./ തീയതി | ടെണ്ടർ ഭരണസമിതി അംഗീക രിച്ച തീയതി | എഗ്രിമെന്റ് നം. തീയതി, കരാറുകാരൻ | ഈടാക്കേണ്ട പിഴ |
|---|---|---|---|---|
| 1 | പപ്പടവളവ് റോഡ് കോൺക്രീറ്റിംഗ് (163/21) | 16.11.19 | 44/ae/vdk/14.1.21 ശ്രീ.അനീഷ്.സി.എസ് | 4053 |

| | | | | |
|---|---|---|---|---|
| | 405337<br>75/19.3.21 | | | |
| 2 | തട്ടകത്ത്അനക്സ് റോഡ്<br>528839<br>66/12.3.21 | 22.5.20 | 12/ae/18.8.20<br>ശ്രീ.മഹേഷ്.കെ.എം | 5288 |
| 3 | ഫ്രണ്ട്സ് റോഡ് കോൺക്രീറ്റിംഗ് (156/21)<br>559887<br>44/10.11.20 | 16.11.19 | 54/22.1.20<br>ശ്രീ.ഫ്രാൻസിസ് .കെ.ജി | 6692 |
| 4 | സെന്റട്രൽ ക്രോസ് റോഡ്കണക്ഷൻ റോഡ്<br>267815<br>45/10.11.20 | 26.10.19 | 22/ae/vdk/22.11.19<br>ശ്രീ.മനോജ്.കെ.എം | 2678 |

(ഓഡിറ്റ് എൻക്വയറി – 17/17.12.21 ന് മറുപടിയായി ടാറിംഗ് വർക്കുകൾ കരാറുകാർ ഏറ്റെടുക്കാൻ തയ്യാറാവാത്തതിനാലും പ്ലാന്റ് വാടക പരിഗണിച്ച് ഒരു കരാറുകാരന്റെ രണ്ട് വർക്കുകൾ ഒരുമിച്ച് നടത്തുന്നതുകൊണ്ടുമാണ് സമയംനീട്ടി നൽകേണ്ടിവരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കാനുള്ള കാലതാമസം സംബന്ധിച്ച രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മറുപടിയിൽ പറഞ്ഞ കാരണങ്ങൾ മാന്വലിലെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്.

## 1-37 അസിസ്റ്റന്റ് എഞ്ചിനീയർ-രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികളുടെ ഫയലുകളിൽ പദ്ധതി നിർവഹണരേഖകൾ പൂർണ്ണമായും സൂക്ഷിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു

- സ്പിൽ ഓവർ പദ്ധതികളുടെ അംഗീകാരം സംബന്ധിച്ച രേഖകൾ, പ്രൊജക്റ്റ്
- മുൻവർഷം ക്യൂബില്ലിൽ ഉൾപ്പെട്ട പ്രവർത്തികളുടെ 2020-21 ലെ ട്രഷറിബിൽ
- ടെണ്ടർ നടത്തിയതിന്റെയും ക്വട്ടേഷൻ ക്ഷണിക്കാൻ ഭരണസമിതി തീരുമാനിച്ചതിന്റെയും രേഖകൾ( പല പ്രവർത്തികളും ക്വട്ടേഷൻ മുഖേനയാണ് നടത്തിയിട്ടുള്ളത്). ടെണ്ടർ ഫോമിൽ പലതിലും ഇഷ്യൂഡേറ്റ് / ടെണ്ടർ തിയതി രേഖപ്പെടുത്തിയിട്ടില്ല. ഫോമിന്റെ വില രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ ഫോമിൽ ക്വോട്ട് ചെയ്ത നിരക്കുകളിൽ പലതിലും തിരുത്തലുകൾ ഉണ്ടെങ്കിലും അവ കരാറുകാരൻ ഇനിഷ്യൽ ചെയ്തു കാണുന്നില്ല. പല ടെണ്ടർ ഫോമുകളിലും കരാറുകാരന്റെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഷെഡ്യൂളിൽ മാത്രമാണ് ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്.
- ടെണ്ടർ ഭരണസമിതി അംഗീകരിച്ചതിന്റെ തീരുമാനം
- സെലക്ഷൻ നോട്ടീസ്
- സെക്യൂരിറ്റി ഡെപ്പോസിറ്റ് /പെർഫോമൻസ് ഗ്യാരന്റി ഒടുക്കിയതിന്റ വിവരം
- സൈറ്റ് ഹാൻഡ് ഓവർ ചെയ്തതിന്റെ രേഖ
- ചില ഫയലുകളിലെ കരാർ കരാറുകാരൻ ഒപ്പു വച്ചിട്ടില്ല
- സപ്ലിമെന്ററി എഗ്രിമെന്റ്
- കാലാവധി ദീർഘിപ്പിച്ചു നൽകിയതിന്റെ രേഖ

(ഉദാ. ജനത റോഡ് ടാറിംഗ്, ലക്ഷം വീട് കോളനി റോഡ് ടാറിംഗ് )

ഫയലിൽ രേഖകൾ പൂർണ്ണമായും സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി-17/17.12.21 )

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | - | 20-21 | 540000 | പാലിന് സബ്സിഡി ജനറൽ | 540000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | - | 20-21 | 225000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 225000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 20-21 | 33440 | പെയിൻ & പാലിയേറ്റിവ് കെയർ | 33440 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2000000 | 19-20 | - | ലൈഫ് മിഷൻ പദ്ധതി | 800000 | 0 |
| ആകെ | 2000000 | | 798440 | | 1598440 | 1200000 |
| ജില്ലാ പഞ്ചായത്ത് | - | 20-21 | 950672 | വാവക്കാട് -കുഞ്ഞിതൈ റോഡ് റീട്ടാറിംഗ് | 950672 | 0 |
| ജില്ലാ പഞ്ചായത്ത് | | 20-21 | 599385 | ചെട്ടിക്കാട് കപ്പേള റോഡ് മെറ്റലിംഗ്-ടാറിംഗ് | 599385 | |
| ജില്ലാ പഞ്ചായത്ത് | | 20-21 | 50000 | പാലിന് സബ്സിഡി ജനറൽ | 50000 | |
| ജില്ലാ പഞ്ചായത്ത് | | 20-21 | 50000 | കോവിഡ് പ്രവർത്തനങ്ങൾ | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 4200000 | | | ലൈഫ് മിഷൻ പദ്ധതി | 120200 | 4079800 |
| ആകെ | 4200000 | | 1650057 | | 1770257 | 4079800 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ | വായ്പ തുക | വർഷാരംഭത്തിൽ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം |
|---|---|---|---|---|---|

| | തിയ്യതി | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | മുതൽ | പലിശ | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി കെ.യു.ആർ.ഡി.സി ലോൺ | ജി.ഒ. എം.എസ് 2278/ തസ്വഭവ 18.8.2018 | 440000 | 35116331 | 2868470 | - | 32687861 |

2020-21 ലെ വാർഷിക ധനകാര്യപത്രികയിൽ കെ.യു.ആർ.ഡി.സി ലോൺ നീക്കിയിരിപ്പ് 32648000/-രൂപയാണ്. ഖണ്ഡികയിലെ വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയുമായി 39861/-രൂപയുടെ വ്യത്യാസം ഉണ്ട്. 2019-20 വർഷം പലിശ ഇനത്തിൽ വരവ് വന്നത് ലോൺ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിനാലാണ് മേൽ വ്യത്യാസം കാണുന്നത്.

## 4-6 സ്ഥിര നിക്ഷേപം

തൻവർഷം സ്ഥിര നിക്ഷേപം ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2-2 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | BSNL ഒഴികെ, തുക ഒടുക്കിയിട്ടുണ്ട് |
| | 2-3 | | 2-3 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | തുക ഒടുക്കിയിട്ടുണ്ട് |
| 2015-16 | 2-2 | | 2-2 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | തുക ഒടുക്കിയിട്ടുണ്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,60,44,333.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,05,21,067.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 312753 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |

| | | | |
|---|---|---|---|
| | -ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 17880 | ഡോ.ശോഭ, മെഡിക്കൽ ഓഫീസർ , സി,എച്ച്.സി |
| 1-27 | 78873 | ഡോ.അനിൽ കുമാർ, മെഡിക്കൽ ഓഫീസർ , ഹോമിയോ |
| 1-32 | 216000 | ഷിബു എം.കെ., സെക്രട്ടറി |
| ആകെ | 312753 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷിബു.എം.കെ സെക്രട്ടറി | സെക്രട്ടറി പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് | മംഗലംപറമ്പിൽ, മനയ്ക്കപ്പടി , കരുമാലൂർ, പി.ഒ, പറവൂർ |
| ഡോ.അനിൽകുമാർ മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ വടക്കേക്കര ഹോമിയോ ഡിസ്പെൻസറി | കണിയാംപടിക്കൽഹൗസ്, ഐശ്വര്യനഗർ, ഇന്ദിര ബൈറോഡ്. ഇടപ്പള്ളി, കൊച്ചി -24 |
| ഡോ.ശോഭ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മൂത്തകുന്നം | അശ്വതി ഹൗസ് ഈസ്റ്റ് കടുങ്ങല്ലൂർ ആലുവ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ(പി2)895/2000/25.9.00 |
| 1998-99 | എൽ.എഫ്.ഇ(പി2)895/2000/25.9.00 |
| 1999-2000 | എൽ.എഫ്.ഇ(പി2)1103/01/12.7.2002 |
| 2000-01 | എൽ.എഫ്.ഇ(പി2)1080/02/4.3.2003. |
| 2001-02 | എൽ.എഫ്.ഇ(പി2)22/04/29.3.2004 |
| 2002-03 | എൽ.എഫ്.ഇ(പി2)102/05/19.11.2005. |
| 2003-04 | എൽ.എഫ്.ഇ(പി2)98/07 |
| 2004-05 | എൽ.എഫ്.ഇ(പി2)1855/08/21.2.09/10.6.09. |
| 2005-06 | എൽ.എഫ്.ഇ(പി2)1856/08/21.2.09/10.6.09. |
| 2007-08 | എൽ.എഫ്.ഇ(പി2)1455/11/12.04.12/09.07.12 |
| 2008-09 | എൽ.എഫ്.ഇ(പി2)246/11/20.8.11 |
| 2009-10 | എൽ.എഫ്.ഇ(പി2)247/11/20.8.11 |
| 2010-11 | എൽ.എഫ്.ഇ(പി2)22/12/9.2.12/16.3.12. |
| 2014-15 | കെ എസ് എ -ഇകെ എം(പി4)1175/2016/23.07.16 |
| 2015-16 | കെ എസ് എ -ഇകെ എം(പി4)1175/2016/23.07.16 |
| 2016-17 | കെ എസ് എ- ഇ കെ എം(പി12) 1514/2017/26.07.2017 |
| 2017-18 | കെ എസ് എ- ഇ കെ എം(പി12) 10/2019/23.03.2019 |
| 2018-19 | കെ എസ് എ- ഇ കെ എം(പി12)248/2020/18.03.2020 |

| | |
|---|---|
| 2019-20 | കെ എസ് എ- ഇ കെ എം(പി12)1916/2021/ |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്